# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *353 — 16.12.2014-ൽ മറുപടിക്ക്

### പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.റ്റി. ജോർജ് :**<br>**ശ്രീ. പി.എ. മാധവൻ :**<br>**ശ്രീ. സണ്ണി ജോസഫ് :**<br>**ശ്രീ. ലൂഡി ലൂയിസ് :** | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി) |
| (എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രാഥമിക സഹകരണ മേഖലയിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും/പൊതു ജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് കോർ ബാങ്കിംഗിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) നിലവിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. പുതിയ പദ്ധതി നിലവിൽ വരുമ്പോൾ, പദ്ധതിക്കനുസൃതമായ സംവിധാനം സംഘങ്ങൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്. |

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ?

(ഡി) കോർബാങ്കിംഗ് നടപ്പിൽ വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ടി സംവിധാനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പൊതുഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

സെക്ഷൻ ഓഫീസർ